(ഡി) ഈ കേസിൽ ആരെയൊക്കെ ഏതൊക്കെ വകുപ്പുകൾ ഉപയോഗിച്ച് പ്രതി ചേർത്തിട്ടുണ്ട് ;

(ഇ) ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(എഫ്) അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) മഞ്ചേരി സ്റ്റേഷനിലെ ക്രൈം നം. 37/2001, 38/2001 എന്നീ കേസുകളിൽ ഷെറീഫ്, അൻവർ, അഷ്റഫ്, ജലീൽ, നൗഫൽ, സിന്ധു എന്നിവർക്കെതിരെ ഐ.പി.സി. സെക്ഷൻ 143,147,148, 448, 427,506(11) ആംസ് ആക്ട് സെക്ഷൻ 25(1)(സി) എന്നീ വകുപ്പുകൾ പ്രകാരം കേസെടുത്തിട്ടുണ്ട്.

(ഇ) ഒന്നാംപ്രതി ഷെറീഫിനെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(എഫ്) മറ്റു പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റു ചെയ്തിട്ടില്ല.

പോലീസ് സ്റ്റേഷൻ ആക്രമണം

102 (103) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പോലീസ് സ്റ്റേഷൻ ആക്രമിച്ച പ്രതികളെ ഇറക്കിക്കൊണ്ടു പോയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) പ്രതികളെ കസ്റ്റഡിയിലെടുത്തശേഷം പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോകുമ്പോൾ പോലീസിനെ ആക്രമിച്ച പ്രതികളെ മോചിപ്പിച്ച സംഭവം ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; എവിടെയെല്ലാം ;

(ഡി) ഇപ്രകാരം പ്രതികളെ കസ്റ്റഡിയിലെടുത്തുകൊണ്ടു പോകുമ്പോഴോ പോലീസ് സ്റ്റേഷൻ ആക്രമിച്ചുകൊണ്ടോ പ്രതികളെ മോചിപ്പിച്ച സംഭവങ്ങളിൽ സി.പി.ഐ.(എം.) പ്രവർത്തകരോ പ്രസ്തുത കക്ഷിയുടെ പോഷക സംഘടനകളിൽപ്പെട്ടവരോ പ്രതികളായുള്ള എത്ര കേസുകൾ ഉണ്ടായിരുന്നു ;

(ഇ) ഈ വിധത്തിൽ പ്രതികളെ മോചിപ്പിച്ച സംഭവങ്ങളോട് ബന്ധപ്പെട്ട ആക്രമണങ്ങളിൽ സി.പി.ഐ.(എം.) കക്ഷിയുടെ ഏതെങ്കിലും തലത്തിലുള്ള എത്ര ഭാരവാഹികളുണ്ടായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള ലൈസൻസ്

103 (104) ശ്രീ. കെ. പി.എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് എത്ര പേർക്ക് ലൈസൻസ് നൽകിയിട്ടുണ്ട് ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ലൈസൻസ് ഇല്ലാതെ സ്ഫോടക വസ്തുക്കൾ നിർമ്മിക്കുന്നവരെ കണ്ടുപിടിക്കുന്നതിനും കേസ് എടുക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തീവ്രവാദി സംഘടനകളുടെ പ്രവർത്തനം

104 (105) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സാമുദായിക സംഘർഷം സൃഷ്ടിക്കുക എന്ന ലക്ഷ്യം വച്ച് ഏതെങ്കിലും തീവ്രവാദ സംഘടനകൾ പ്രവർത്തിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ സംഘടനകളുടെ പേർ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെ നടന്ന സംഘട്ടനങ്ങൾക്ക് ഈ തീവ്രവാദി സംഘടനകളുടെ പ്രേരണയും പങ്കാളിത്തവും ഉണ്ടായതായാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത് ;

(ഡി) ഈ തീവ്രവാദി സംഘടനകളുടെ പ്രവർത്തനം തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly